# മധുരമായ കുട്ടികളെ - ഞാൻ നിങ്ങളെ വീണ്ടും രാജയോഗം പഠിപ്പിച്ച് രാജാക്കന്മാരിലും രാജാവാക്കുന്നു, ഈ വീണ്ടും എന്ന ശബ്ദത്തിൽ തന്നെ മുഴുവൻ ചക്രവും അടങ്ങിയിട്ടുണ്ട്

**ചോദ്യം:-** ബാബയും പ്രബലനാണ് എന്നാൽ മായയും പ്രബലമാണ്, രണ്ടു പേരുടേയും പ്രബലത എന്താണ്?
**ഉത്തരം:-** ബാബ നിങ്ങളെ പതീതനിൽ നിന്നും പാവനമാക്കുന്നു, പാവനമാക്കുന്നതിൽ ബാബ പ്രബലനാണ് അതുകൊണ്ട് ബാബയെ പതീത-പാവനൻ-സർവ്വ ശക്തിവാൻ എന്ന് പറയുന്നു. മായ പതീതമാക്കുന്നതിൽ പ്രബലമാണ്. സത്യമായ സമ്പാദ്യത്തിൽ ഗ്രഹപിഴ വരുത്തുന്നു, അത് നേട്ടത്തിനു പകരം നഷ്ടം വരുത്തുന്നു, വികാരങ്ങൾ കൊണ്ട് മായ ചുട്ടു പഴുപ്പിക്കുന്നു അതു കൊണ്ട് ബാബ പറയുന്നു - കുട്ടികളെ, ദേഹീ-അഭിമാനി ആകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ........

**ഗീതം:-** നമുക്ക് ആ വഴികളിലൂടെ നടക്കണം........

**ഓം ശാന്തി**. നിങ്ങൾ കുട്ടികൾ ഏതു വഴിയിലൂടെയാണ് നടക്കുന്നത്? തീർച്ചയായും ആരെങ്കിലും വഴി പറഞ്ഞു തരുന്നവർ കാണും. മനുഷ്യൻ ദുഃഖിതനാകുന്നത് തെറ്റായ വഴിയിൽ നടക്കുന്നതു കൊണ്ടാണ്. ഇപ്പോൾ എന്തു മാത്രം ദുഖിതരാണ് കാരണം ബാബയുടെ വഴിയനുസരിച്ച് നടക്കുന്നില്ല. എപ്പോഴാണോ തെറ്റായ മതം നൽകുന്ന രാവണ രാജ്യം ആരംഭിക്കുന്നത്, അപ്പോൾ മുതൽ എല്ലാവരും തെറ്റായ വഴിയിലാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്, ബാബ മനസ്സിലാക്കി തരികയാണ് നിങ്ങൾ ഈ സമയം രാവണന്റെ മതത്തിലാണ്, അതു കൊണ്ടാണ് ഓരോരുത്തർക്കും ഇങ്ങനെ മോശമായ അവസ്ഥയായത്. എല്ലാവരും തന്നെ പതീതരാണെന്ന് പറയുന്നുമുണ്ട്. ഗാന്ധിജിയും പറയുമായിരുന്നു - പതീത - പാവനാ വരൂ, അതിന്റെ അർത്ഥം നമ്മൾ പതീതരാണ്. പക്ഷെ നമ്മൾ എങ്ങനെയാണ് പതീതരായത് എന്ന് ആർക്കും അറിഞ്ഞു കൂടാ? ഭാരതം രാമ രാജ്യമാകണമെന്ന് ആഗ്രഹമുണ്ട് പക്ഷെ അങ്ങനെ ആര് ആക്കി തീർക്കും? ഗീതയിൽ ബാബ എല്ലാ കാര്യങ്ങളും പറഞ്ഞു തന്നിട്ടുണ്ട്, പക്ഷെ ഗീതയുടെ ഭഗവാന്റെ പേരു തന്നെ മാറ്റി. ബാബ മനസ്സിലാക്കി തരികയാണ് നിങ്ങൾ എന്താണ് ഈ ചെയ്തത്. ക്രൈസ്റ്റിന്റെ ബൈബിളിൽ പോപ്പിന്റെ പേരിട്ടാൽ എന്തെല്ലാം സംഭവിക്കും. ഇതും ഡ്രാമയാണ്. ബാബ ഏറ്റവും വലിയ തെറ്റ് മനസ്സിലാക്കി തരികയാണ്. ഈ ആദി, മദ്ധ്യ, അന്ത്യത്തിന്റെ ജ്ഞാനം ഗീതയിൽ ഉണ്ട്. ബാബ മനസ്സിലാക്കി തരികയാണ് ഞാൻ നിങ്ങളെ വീണ്ടും രാജാക്കന്മാരിലും രാജാവാക്കുന്നു. നിങ്ങൾ എങ്ങനെയാണ് 84 ജന്മം എടുത്തത് - ഇത് നിങ്ങൾക്ക് അറിഞ്ഞു കൂടാ, ഞാൻ പറഞ്ഞു തരുന്നു. ഇത് ഒരു ശാസ്ത്രങ്ങളിലും ഇല്ല. ശാസ്ത്രങ്ങൾ അനേകം ഉണ്ട്. ഭിന്ന - ഭിന്ന അഭിപ്രായങ്ങൾ ഉണ്ട്. ഗീത എന്നു വെച്ചാൽ ഗീത. ആരാണോ ഗീത പറഞ്ഞത് അദ്ദേഹം തന്നെയാണ് വഴിയും പറഞ്ഞു തന്നത്. പറയുകയാണ് ഞാൻ നിങ്ങളെ വീണ്ടും രാജയോഗം പഠിപ്പിക്കാൻ വേണ്ടി വന്നിരിക്കുകയാണ്. ഗീതയിലും പറയുന്നുണ്ട് ഭഗവാനേ വീണ്ടും ഗീത കേൾപ്പിക്കാൻ വരൂ അർത്ഥം വീണ്ടും ഗീതയുടെ ജ്ഞാനം നൽകൂ. ഗീതയിലാണ് ഈ കാര്യം ഉള്ളത് ആസുരീയ സൃഷ്ടിയുടെ വിനാശവും പിന്നെ ദൈവീക സൃഷ്ടിയുടെ സ്ഥാപനയും വീണ്ടും ഉണ്ടാകുന്നു. പിന്നെയും തീർച്ചയായും പറയും. ഗുരുനാനാക്ക് വീണ്ടും തന്റെ സമയത്തിൽ വരും, ചിത്രങ്ങളിലും കാണിക്കുന്നുണ്ട്. കൃഷ്ണൻ വീണ്ടും അതു പോലെ തന്നെ മയിൽപീലി കിരീടമുള്ളവനായിരിക്കും. അപ്പോൾ ഈ രഹസ്യമെല്ലാം ഗീതയിലുണ്ട്. പക്ഷെ ഭഗവാനെ മാറ്റി. നമ്മൾ ഗീതയെ അംഗീകരിക്കുന്നില്ലെന്ന് ഒരിക്കലും പറയുന്നില്ല പക്ഷെ ഈ തെറ്റായ പേരിട്ടത് മനുഷ്യരാണ്, അതിനെ ബാബ വന്നിട്ട് നേരെയാക്കി പറഞ്ഞു തരികയാണ്. ഇതും മനസ്സിലാക്കി തരുന്നുണ്ട് ഓരോ ആത്മാവിലും അവരവരുടേതായിട്ടുള്ള പാർട്ട് അടങ്ങിയിട്ടുണ്ട്. എല്ലാവരും ഒരു പോലെ ആയിരിക്കുകയില്ല. ഏതു പോലെ മനുഷ്യൻ എന്നാൽ മനുഷ്യനാണോ, അതു പോലെ ആത്മാവ് എന്നാൽ ആത്മാവാണ്. പക്ഷെ ഓരോ ആത്മാവിലും അവരുടേതായിട്ടുള്ള പാർട്ട് അടങ്ങിയിട്ടുണ്ട്. ഈ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുന്നവർ വലിയ ബുദ്ധിശാലികളായിരിക്കണം. ബാബയ്ക്ക് അറിയാം ആര് മനസ്സിലാക്കി കൊടുക്കുമെന്നും, ആർക്ക് സേവനം ചെയ്യുന്നതിൽ സാമർത്ഥ്യമുണ്ടെന്നും, ആരുടെ ലൈനാണ് ക്ലിയറെന്നും ദേഹീ-അഭിമാനിയായിരിക്കുന്നവരെന്നും. എല്ലാവരും പരിപൂർണ്ണമായും ദേഹീ-അഭിമാനികളായിട്ടില്ല. ഇതിന്റെ റിസൽറ്റ് അന്തിമ സമയത്തിലേ അറിയാൻ സാധിക്കുകയുള്ളൂ. എപ്പോഴാണോ പരീക്ഷ സമയം അടുത്ത് വരുന്നത് അപ്പോൾ അറിയാം ആരൊക്കെ പാസാകുമെന്ന്. ടീച്ചേഴ്സിനും അറിയാൻ സാധിക്കും കുട്ടികൾക്കും അറിയാൻ സാധിക്കും ഈ കുട്ടി നല്ലവണ്ണം പഠിക്കുന്ന കുട്ടിയാണ്. അവിടെ വേണമെങ്കിൽ പറ്റിക്കുകയൊക്കെ ചെയ്യാം പക്ഷെ ഇവിടെ അതു നടക്കില്ല. ഇത് ഡ്രാമയിലെ രഹസ്യമാണ്. കല്പത്തിനു മുമ്പുള്ളവർ മാത്രമേ

വരികയുള്ളൂ. സേവനത്തിന്റെ വേഗത അനുസരിച്ച് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഈ സത്യമായ സമ്പാദ്യത്തിൽ നഷ്ടവും ലാഭവും, ഗൃഹ പിഴയുമൊക്കെ കാണും. മുന്നോട്ട് പോകുന്തോറും കാലൊടിഞ്ഞു പോകുന്നു. ഗന്ധർവ്വ വിവാഹത്തിനു ശേഷം മായ ദോശച്ചട്ടി ചൂടാക്കുന്നു. മായയും വളരെ ബലവാനാണ്. പാവനമാക്കുന്നതിൽ ബാബ ബലവാനാണ്, അതു കൊണ്ട് ബാബയെ സർവ്വശക്തിവാൻ പതീത–പാവനൻ എന്നു പറയുന്നു പിന്നെ മായ പതീതമാക്കുന്നതിൽ ബലവാനാണ്. സത്യയുഗത്തിൽ മായ ഉണ്ടാകുകയില്ല. അത് നിർവ്വികാര ലോകമാണ്, ഇപ്പോൾ പൂർണ്ണമായും വികാരം നിറഞ്ഞ ലോകമാണ്. എത്ര വലിയ ബലമാണ്. മുന്നോട്ടു പോകുന്തോറും മായ ഒറ്റയടിയ്ക്ക് മൂക്കിൽ പിടിച്ച് ചുട്ടുപഴുപ്പിക്കുന്നു, ബാബയെ വിട്ടിട്ട് പോകുന്നു, അത്രയ്ക്കും ബലവാനാണ്. ബലവാൻ എന്ന് പറയുന്നത് സർവ്വശക്തിവാൻ പരമപിതാ പരമാത്മാവിനെയാണെങ്കിലും മായയും കുറവൊന്നുമല്ല. അരകല്പം അതിന്റെ രാജ്യമാണ് നടക്കുന്നത്. ഇതൊന്നും ആർക്കും അറിഞ്ഞു കൂടാ. പകലും രാത്രിയും പകുതി–പകുതിയായിരിക്കും, ബ്രഹ്മാവിന്റെ പകലും, ബ്രഹ്മാവിന്റെ രാത്രിയും. എന്നിരുന്നാലും സത്യയുഗത്തിന് ലക്ഷകണക്കിന് വർഷവും, കലിയുഗത്തിന് എത്രയോ വർഷവും കാണിക്കുന്നു. ഇപ്പോൾ ബാബ മനസ്സിലാക്കി തരുമ്പോൾ മനസ്സിലാകുന്നു. ഇത് പൂർണ്ണമായും ശരിയാണ്. ബാബ വന്നിട്ടാണ് പഠിപ്പിക്കുന്നത്. കലിയുഗത്തിൽ മനുഷ്യന് ഗീതയിലെ രാജയോഗം പഠിപ്പിച്ച് രാജാക്കന്മാരിലും രാജാവാക്കാനൊന്നും കഴിയില്ല. ഇപ്പോൾ രാജയോഗം പഠിച്ച് രാജാക്കന്മാരിലും രാജാവാകുകയാണ് എന്ന് ആരുടെ ബുദ്ധിയിലുമില്ല. ഗീതാ പാഠശാലകൾ ധാരാളം ഉണ്ട് പക്ഷെ ആർക്കും രാജയോഗം പഠിച്ച് രാജാക്കന്മാരിലും രാജാവാകാൻ സാധിക്കുകയില്ല. രാജ്യം നേടാനുള്ള ലക്ഷ്യം ആർക്കുമില്ല. ഇവിടെ പറയുന്നത് ഞങ്ങൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും ഭാവിയിലെ രാജ്യസുഖം നേടാൻ വേണ്ടി പഠിച്ചു കൊണ്ടിരിക്കുകയാണ്. ആദ്യമാദ്യം ഒരു ബാബയെക്കുറിച്ച് മനസ്സിലാക്കി കൊടുക്കണം. ഗീതയിലാണ് മുഴുവൻ ആധാരവും. സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്ന് മനുഷ്യന് അറിഞ്ഞു കൂടാ, എവിടെ നിന്നുമാണ് വന്നതെന്നും അറിഞ്ഞു കൂടാ, എങ്ങോട്ടാണ് പോകേണ്ടതെന്നും അറിഞ്ഞു കൂടാ. ആർക്കും അറിഞ്ഞു കൂടാ. ഏതു ദേശത്തു നിന്നുമാണ് വന്നത്, ഏതു ദേശത്തേക്കാണ് പോകേണ്ടത്. ഗീതയും, ഒരു തത്ത പറയുന്നതു പോലെയാണ് പറയുന്നത്. ആരെയാണ് പരമപിതാ പരമാത്മാവെന്നു പറയുന്നതെന്ന് ആത്മാവിലുള്ള ബുദ്ധി അറിയുന്നില്ല. അതിനെ കാണാനോ, കേൾക്കാനോ സാധിക്കുകയില്ല. ആത്മാവിന്റെ കടമയാണ് – ബാബയെ അറിയേണ്ടതും, നോക്കേണ്ടതും. ഇപ്പോൾ നിങ്ങൾക്കറിയാം, നമ്മൾ ആത്മാവാണ് പരമപിതാ പരമാത്മാവായ ബാബ നമ്മളെ പഠിപ്പിക്കുകയാണ്. ബാബ വന്നിട്ട് പഠിപ്പിക്കുന്നുവെന്ന് ബുദ്ധി പറയുന്നു. ആരുടെയെങ്കിലും ആത്മാവിനെ വിളിക്കുമ്പോൾ അവരുടെ ആത്മാവാണ് വന്നിരിക്കുന്നതെന്ന് അറിയുന്നതുപോലെ. അപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ ആത്മാവാണ്, നമ്മുടെ അച്ഛനാണ് അത്. ബാബയിൽ നിന്നും തീർച്ചയായും സമ്പത്ത് ലഭിക്കണം. നമ്മൾ എന്തു കൊണ്ടാണ് ദുഃഖിതരായത്, മനുഷ്യൻ പറയുന്നത് അച്ഛൻ തന്നെയാണ് ദുഃഖവും സുഖവും നൽകുന്നത്. ഭഗവാനെ പറ്റി തന്നെ മോശമായി പറഞ്ഞു കൊണ്ടിരിക്കുന്നു. അവർ ആസുരീയ സന്താനങ്ങളാണ്. ഏതു പോലെ കല്പത്തിനു മുമ്പ് പറഞ്ഞോ അതുപോലെ പറഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾ ഇപ്പോൾ പ്രായോഗികമായി ഈശ്വരീയ സന്താനങ്ങളാണ്. നേരത്തേ നിങ്ങൾ അസുരന്റെ മക്കളായിരുന്നു. ഇപ്പോൾ ബാബ പറയുകയാണ് നിരന്തരം എന്നെ ഓർമ്മിക്കൂ. ആർക്കു വേണമെങ്കിലും ഈ രണ്ടക്ഷരം മനസ്സിലാക്കി കൊടുക്കാൻ എളുപ്പമാണ്. നിങ്ങൾ ഭഗവാന്റെ കുട്ടികളാണ്. ഭഗവാനാണ് സ്വർഗ്ഗം രചിച്ചത്, ഇപ്പോൾ നരകം ആയിരിക്കുകയാണ് സ്വർഗ്ഗം രചിക്കുന്നത് ബാബയാണ്. ബാബ നമ്മളെ രാജയോഗം പഠിപ്പിക്കുകയാണ്, സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ശരി, ശിവനെ അറിയില്ലേ. പ്രജാപിതാ ബ്രഹ്മാവിനെപ്പോലും രചിക്കുന്നത് ആ അച്ഛനാണ്. അപ്പോൾ തീർച്ചയായും അച്ഛൻ ബ്രഹ്മാവിലൂടെയാണ് പഠിപ്പിക്കുന്നത്. ഇപ്പോൾ ശൂദ്ര വർണ്ണമാണ്. നമ്മൾ ബ്രാഹ്മണനിൽ നിന്നും ദേവത, ക്ഷത്രിയനാകും. അല്ലെങ്കിൽ എന്തിനാണ് വിരാട രൂപം ഉണ്ടാക്കിയിരിക്കുന്നത്, ചിത്രം ശരി തന്നെയാണ്. പക്ഷെ മനസ്സിലാക്കാൻ സാധിക്കുകയില്ല. ശൂദ്രന്മാരെ ബ്രാഹ്മണനാക്കുന്നത് ആരാണ്? തീർച്ചയായും പ്രജാപിതാ ബ്രഹ്മാവ് വേണം. അദ്ദേഹത്തെ എങ്ങനെയാണ് ദത്തെടുത്തത്. ഏതു പോലെ നിങ്ങൾ ഇത് എന്റെ ഭാര്യയാണെന്ന് പറയുന്നു, അവരെ എങ്ങനെയാണ് തന്റേതാക്കി മാറ്റിയത്? അഡോപ്റ്റ് ചെയ്തു. ബാബ പറയുന്നു എന്നേയും മാതാവും–പിതാവും എന്നാണ് വിളിക്കുന്നത്, ഞാൻ അച്ഛൻ തന്നെയാണ്. എന്റേതിനെ എവിടെ നിന്നും കൊണ്ടു വരും. അപ്പോൾ ഇദ്ദേഹത്തിൽ പ്രവേശിച്ചിട്ട് ഇദ്ദേഹത്തിന്റെ പേര് ബ്രഹ്മാവ് എന്നാക്കുന്നു. ഭാര്യയെ ദത്തെടുക്കുകയാണ് ചെയ്യുന്നത്, ഏതു പോലെ ലൗകിക അച്ഛൻ സ്ത്രീയെ ദത്തെടുത്ത് ശരീര വംശാവലികളെ രചിക്കുന്നുവോ, ബാബ പിന്നീട് ഇദ്ദേഹത്തിൽ പ്രവേശിച്ചിട്ട് ഇദ്ദേഹത്തെ അഡോപ്റ്റ് ചെയ്ത് ഇദ്ദേഹത്തിന്റെ മുഖത്തിലൂടെ മുഖവംശാവലികളെ രചിക്കുന്നു. നിങ്ങൾ പറയുന്നു ഞങ്ങൾ ബ്രാഹ്മണരും–ബ്രാഹ്മണികളുമാണെന്ന്. തീർച്ചയായും ഇദ്ദേഹത്തിന്റെ പേരാണ് ബ്രഹ്മാവ്. ബ്രഹ്മാവ് ആരുടെ കുട്ടിയാണ്? ശിവബാബയുടെ. ഇദ്ദേഹത്തെ ആരാണ് അഡോപ്റ്റ് ചെയ്തത്? പരിധിയില്ലാത്ത അച്ഛൻ. ഉദാഹരണം വളരെ നല്ലതാണ് പക്ഷെ ആരുടെ ബുദ്ധിയിലാണോ ഇരിക്കുന്നത് അവർക്കേ

മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ബുദ്ധിയിൽ ഇല്ലെങ്കിൽ അവർക്ക് മനസ്സിലാക്കി കൊടുക്കാനും കഴിയില്ല. ലൗകിക അച്ഛനും പാരലൗകിക അച്ഛനും ഉണ്ടല്ലോ. അവരും സ്ത്രീയെ അഡോപ്റ്റ് ചെയ്തിട്ട് എന്റേത് എന്നു പറയുന്നു. ഇദ്ദേഹം പ്രവേശിച്ചതിനു ശേഷം പിന്നീട് അഡോപ്റ്റ് ചെയ്യുന്നു. സ്വയം പറയുകയാണ് നിരാകാരനായ എനിക്ക് ഇദ്ദേഹത്തിന്റെ ആധാരം എടുക്കേണ്ടി വരുന്നു, അപ്പോൾ പേരും മാറ്റുന്നു. ഒരേ സമയത്ത് എത്ര പേർക്ക് പേരു വെയ്ക്കാൻ കഴിയും. പേരിന്റെ ലിസ്റ്റും നിങ്ങളുടെ അടുത്ത് വെയ്ക്കണം. പ്രദർശിനിയിൽ പേരുകളുടെ ലിസ്റ്റും കാണിയ്ക്കണം. എങ്ങനെയാണ് ബാബ ഒരേ സമയത്ത് പേര് വെച്ചിരിക്കുന്നത്. ബാബ നമ്മളെ തന്റേതാക്കി മാറ്റി പേരും മാറ്റിയതിനാൽ ബാബയെ ഭൃഗു ഋഷി(എല്ലാവരുടെയും ജാതകം അറിയുന്ന ജ്യോതിഷി) എന്ന് പറയുന്നു. ജന്മ പത്രിക ഭഗവാന്റെയടുത്ത് തന്നെയാണുള്ളത്. അതിശയകരമായ പേരാണ്. ഇപ്പോൾ ആരുമായിട്ടില്ല. ചിലർ ആശ്ചര്യമായി കേട്ടിട്ട് ഓടി പോകുന്നു. ഇന്നുണ്ട്, നാളെ ഇല്ല. കാമമാണ് ഒന്നാമത്തെ ശത്രു. ഈ കാമ വികാരമാണ് വളരെയധികം ശല്യപ്പെടുത്തുന്നത്. അതിനുമേൽ വിജയം നേടണം. ഗൃഹസ്ഥ വ്യവഹാരത്തിൽ ഒരുമിച്ചിരുന്നു കൊണ്ടും അതിനുമേൽ വിജയം നേടണം - ഇതാണ് പ്രതിജ്ഞ. തന്റെ ഭാവന ശ്രദ്ധിക്കണം, കർമ്മേന്ദ്രിയങ്ങൾ കൊണ്ട് വികർമ്മം ചെയ്യരുത്. കൊടുങ്കാറ്റ് എല്ലാവർക്കും വരിക തന്നെ ചെയ്യും. ഇതിൽ പേടിക്കരുത്.
ബാബയോട് ഒരുപാട് കുട്ടികൾ ചോദിയ്ക്കുന്നു ഈ ജോലി ചെയ്യാമോ ചെയ്യാൻ പാടില്ലയോ? ബാബ എഴുതുകയാണ് ഞാൻ നിങ്ങളുടെ ജോലിയും അതുമൊക്കെ നോക്കാനാണോ വന്നിരിക്കുന്നത്? ഞാൻ ടീച്ചറാണ്, പഠിപ്പിക്കുന്നു. ജോലിയെക്കുറിച്ച് എന്നോടെന്തിനാണ് ചോദിയ്ക്കുന്നത്? ഞാൻ പഠിപ്പിക്കുന്നത് രാജയോഗമാണ്. രുദ്രയജ്ഞം എന്നും പറയാറുണ്ട്, കൃഷ്ണ യജ്ഞമല്ല. ബാബ പറയുകയാണ് ലക്ഷ്മീ-നാരായണനിൽ ഈ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം തന്നെയില്ല. അഥവാ 16 കലയിൽ നിന്നും 14 കലയിൽ വരണമെന്ന് അറിഞ്ഞാൽ ആ സമയം തന്നെ രാജ്യ പദവിയുടെ രസം തന്നെ ഇല്ലാതെയാകും. അവിടെ സത്ഗതിയാണ് ഉള്ളത്. സത്ഗതി ദാതാവ് ഒന്നേയുള്ളൂ. അദ്ദേഹമാണ് വന്നിട്ട് യുക്തി പറഞ്ഞു തരുന്നത്, മറ്റുള്ളവർക്ക് ആർക്കും പറഞ്ഞു തരാൻ സാധിക്കില്ല. കാമം മഹാശത്രു എന്ന് പറഞ്ഞത് ആരാണ്? ഇത് ആദ്യം ചോദിയ്ക്കണം. വികാരീ ലോകമെന്നും നിർവ്വികാരലോകമെന്നും പടുന്നുണ്ട്. ഭാരതത്തിലാണ് രാവണനെ കത്തിക്കുന്നത്. സത്യയുഗത്തിലാണോ കത്തിക്കുന്നത്. അഥവാ അനാദിയാണെന്ന് പറയുകയാണെങ്കിൽ, സത്യയുഗത്തിലും കാണണം അപ്പോൾ എല്ലായിടത്തും ദു:ഖം തന്നെ ദു:ഖം ആയിരിക്കും. പിന്നെ സ്വർഗ്ഗം എന്ന് എങ്ങനെ പറയാൻ സാധിക്കും? ഈ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കണം. ഓരോരുത്തരുടേയും വേഗത അവരവരുടേതാണ്. അറിയാൻ സാധിക്കും - ആരാണ് നല്ല വേഗത്തിൽ പോകുന്നതെന്ന്? ആരും ഇത് വരെ സമ്പൂർണ്ണമായിട്ടില്ല. പിന്നെ, സതോ, രജോ, തമോ ഇവ കാണുക തന്നെ ചെയ്യും. ഓരോരുത്തരുടേയും ബുദ്ധി വേറെ-വേറെയാണ്. ആരാണോ ശ്രീമതമനുസരിച്ച് നടക്കാത്തത് - അവരാണ് തമോപ്രധാന ബുദ്ധി. തന്നെ ഇൻഷ്വർ ചെയ്തില്ലെന്നുണ്ടെങ്കിൽ ഭാവിയിലെ 21 ജന്മത്തേയ്ക്കു വേണ്ടി എങ്ങനെ ലഭിയ്ക്കും. എന്തായാലും മരിക്കുക തന്നെ വേണം. അപ്പോൾ എന്തു കൊണ്ട് ഇൻഷ്വർ ചെയ്തു കൂടാ. എല്ലാം ബാബയുടേതാണ്. അപ്പോൾ ബാബ തന്നെ സംരക്ഷിക്കും. ചിലർ എല്ലാം തരുന്നുണ്ട്, പക്ഷെ സേവനം ചെയ്യുന്നില്ല, എന്താണോ നൽകിയത് അത് കഴിച്ചു കൊണ്ടിരിക്കുന്നു. അപ്പോൾ എന്താണ് അവശേഷിക്കുന്നത്. ഒന്നുമില്ല. സേവനത്തിന്റെ തെളിവ് നൽകണം. ആരാണ് വഴികാട്ടികളാകുന്നത്? എന്ന് നോക്കാറുണ്ട്. പുതിയ ബി.കെ. പരസ്പരം ചേർന്ന് സെന്റർ നടത്തുന്നു, അവരേയും അഭിനന്ദിക്കുകയാണ്. ഈ ജ്ഞാനം വളരെ സഹജമാണ്. വാനപ്രസ്ഥ അവസ്ഥയിലുള്ളവരോട് ചെന്ന് മനസ്സിലാക്കി കൊടുക്കണം - വാനപ്രസ്ഥ അവസ്ഥ എപ്പോഴാണ് ഉണ്ടാകുന്നത്? ബാബ തന്നെയാണ് വഴികാട്ടിയായി എല്ലാവരേയും വിളിച്ചു കൊണ്ടു പോകുന്നത്. ബാബ കാലന്മാരുടെയും കാലനാണെന്ന് നിങ്ങൾക്കറിയാം. നമ്മൾ സന്തോഷത്തോടു കൂടി ബാബയുടെ കൂടെ ഒരുമിച്ച് പോകാൻ ആഗ്രഹിക്കുന്നു. ആദ്യമാദ്യം ഈ മുഖ്യമായ കാര്യം ഉന്നയിക്കണം - ഗീതയുടെ ഭഗവാൻ ആരാണ്, ഈ രചന രചിച്ച ആൾ ആരാണ്? ലക്ഷ്മീ-നാരായണന് രാജയോഗം പഠിപ്പിച്ചത് ആരാണ്? അവരുടേയും രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. മറ്റാർക്കും രാജധാനി സ്ഥാപിക്കാൻ വരുന്നില്ല. ബാബയാണ് രാജധാനി സ്ഥാപിക്കാൻ വരുന്നത്. പതീതരായവരെയെല്ലാം പാവനമാക്കുന്നു. ഇത് വികാരീ ലോകമാണ്, അത് നിർവ്വികാര ലോകമാണ്. രണ്ടിലും നമ്പരനുസരിച്ചുള്ള പദവിയാണ്. ആരാണോ ശ്രീമതമനുസരിച്ച് നടക്കുന്നത്, അവരുടെ ബുദ്ധിയിൽ മാത്രമേ ഈ കാര്യങ്ങൾ ഇരിക്കുകയുള്ളൂ. ശരി!

വളരെകാലത്തെ വേർപാടിനുശേഷം വീണ്ടുകിട്ടിയ മധുര-മധുരമായ മക്കൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛന്റെ നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം:-**

1. ബുദ്ധിയുടെ ലൈൻ സദാ ക്ലിയറായിരിക്കാൻ വേണ്ടി ദേഹീ-അഭിമാനിയാകണം. സത്യമായ സമ്പാദ്യത്തിൽ മായ ഒരു പ്രകാരത്തിലുമുള്ള നഷ്ടം വരുത്തരുത് -ഇക്കാര്യത്തിൽ ശ്രദ്ധ വേണം.

2. കർമ്മേന്ദ്രിയങ്ങൾ കൊണ്ട് ഒരു വികർമ്മവും ചെയ്യരുത്. ഇൻഷ്വർ ചെയ്തതിനു ശേഷം സേവനവും തീർച്ചയായും ചെയ്യണം.

**വരദാനം:- മായയെ ശത്രുവാക്കുന്നതിന് പകരം പാഠം പഠിപ്പിക്കുന്ന സഹയോഗിയെന്ന് മനസ്സിലാക്കി ഏകരസത്തിലിരിക്കുന്ന മായാജീത്തായി ഭവിക്കട്ടെ.**

മായ വരുന്നത് താങ്കളെ പാഠം പഠിപ്പിക്കുന്നതിന് വേണ്ടിയാണ്, അതിനാൽ പരിഭ്രമിക്കരുത്, പാഠം പഠിക്കൂ. ചിലപ്പോൾ സഹനശീലതയുടെ പാഠം, ചിലപ്പോൾ ശാന്തസ്വരൂപരാകുന്നതിന്റെ പാഠം പക്കാ ആക്കുന്നതിന് വേണ്ടിത്തന്നെയാണ് മായ വരുന്നത്, അതിനാൽ മായയെ ശത്രുവാക്കുന്നതിന് പകരം തന്റെ സഹയോഗിയാണെന്ന് മനസ്സിലാക്കൂ എങ്കിൽ പരിഭ്രമിച്ച് തോൽവിയടയുകയില്ല, പാഠം പക്കാ ആക്കി അംഗദന് സമാനം അചഞ്ചലരായി മാറും. ഒരിക്കലും ബലഹീനരായി മായയെ വിളിച്ചുവരുത്തരുത് എങ്കിൽ അത് വിട ചൊല്ലും.

**സ്ലോഗൻ:-ഓരോ സങ്കൽപത്തിലും ദൃഢതയുടെ മഹാനതയുണ്ട് എങ്കിൽ സഫലത കിട്ടിക്കൊണ്ടിരിക്കും.**